ഇ-4 4043/2020

ലേബർ കമ്മീഷണറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 18.03.2020

## സർക്കുലർ നമ്പർ 08/2020

വിഷയം:- തൊഴിൽ വകുപ്പ്- കൊറോണ വൈറസ് (കോവിഡ്-19) ബാധയുടെ പശ്ചത്തലത്തിൽ - സംസ്ഥാനത്തെ സ്വകാര്യമേഖലയിലെ തൊഴിലാളികളുടേയും അതിഥി തൊഴിലാളികളുടേയും പ്രവർത്തനം നിരീക്ഷിക്കുന്നതിന്- തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. കോവിഡ്-19 മായി ബന്ധപ്പെട്ട് സംസ്ഥാനമൊട്ടാകെ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥരുടെ പ്രവർത്തനവും റിപ്പോർട്ടും ദിവസേന നിരീക്ഷിക്കേണ്ടതും നിർദ്ദേശങ്ങൾ നൽകേണ്ടതും റിപ്പോർട്ടുകൾ ക്രോഡീകരിക്കേണ്ടതിന്റെ ചുമതല ലേബർ കമ്മീഷണറേറ്റിലെ ജോയിന്റ് ലേബർ കമ്മീഷണർ (പ്ലാനിംഗ്) ആയിരിക്കും.

2. കോവിഡ്-19 മായി ബന്ധപ്പെട്ട് അതാത് ജില്ലകളിൽ ഇന്നുവരെ നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ചു റിപ്പോർട്ട് ജില്ലാ ലേബർ ഓഫീസർമാർ അതാത് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർക്ക് നൽകേണ്ടതും ഇത് ക്രോഡീകരിച്ചു റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർ 18.03.2020-ന് ജോയിന്റ് ലേബർ കമ്മീഷണർ (പ്ലാനിംഗ്) -ക്ക് റിപ്പോർട്ട് നൽകേണ്ടതുമാണ്.

3. 18.03.2020 മുതൽ അതാത് ദിവസത്തെ പ്രവർത്തനങ്ങൾ ജില്ലാ ലേബർ ഓഫീസർമാർ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർക്ക് ഉച്ചയ്ക്ക് 3.00 മണിക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർ അതാത് ദിവസം വൈകുന്നേരം 4.00 മണിക്ക് തന്നെ ജോയിന്റ് ലേബർ കമ്മീഷണർ (പ്ലാനിംഗ്) -ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

4. കൂടാതെ ഇതോടൊപ്പമുള്ള പ്രൊഫോർമയിൽ 18.03.2020 മുതൽ അതാത് ദിവസത്തെ റിപ്പോർട്ടുകൾ നൽകേണ്ടതാണ്.

5. സംസ്ഥാനത്തെ ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെയുള്ള എല്ലാ തൊഴിലാളികളിലും ബോധവത്ക്കരണക്യാമ്പുകൾ നടത്തേണ്ടതും ഇതിന്റെ വിജയത്തിനായി വിവിധ സന്നദ്ധസംഘടനകൾ ട്രേഡ് യൂണിയനുകൾ, കൊൺട്രാക്ടർമാർ, ബിൽഡർമാർ, ക്ഷേമനിധിബോർഡുകൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതുമാണ്.

6. ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ കണ്ടെത്തേണ്ടതും അതിൽ താമസിക്കുന്ന ഒരു തൊഴിലാളിയുടെയെങ്കിലും വാട്സ് ആപ്പ് ഉള്ള മൊബൈൽ നമ്പർ സംഘടിപ്പിച്ചു ജില്ലാ ലേബർ ഓഫീസർ മുഖാന്തിരം ജോയിന്റ് ലേബർ കമ്മീഷണർ (പ്ലാനിംഗ്) -നെ 20.03.2020-നു മുൻപായി അറിയിക്കേണ്ടതുമാണ്.

7. ഇത്തരം പാർപ്പിടങ്ങളിലോ, മറ്റിടങ്ങളിലോ ഇതര സംസ്ഥാന തൊഴിലാളികളിൽ കോവിഡ്-19-ന്റെ രോഗലക്ഷണങ്ങൾ കണ്ടാൽ ഉടൻ തന്നെ ജില്ലാ ഭരണകൂടത്തെ വിവരം അറിയിക്കേണ്ടതും ഇപ്രകാരം റിപ്പോർട്ട് ചെയ്ത വിവരം ജോയിന്റ് ലേബർ കമ്മീഷണർ (പ്ലാനിംഗ്)-നെ അറിയിക്കേണ്ടതും സ്ഥലത്ത് നിവസിക്കുന്ന മറ്റ് തൊഴിലാളികളെ സംബന്ധിച്ചു വിവരങ്ങൾ ജോയിന്റ് ലേബർ കമ്മീഷണർ (പ്ലാനിംഗ്)-ക്കു ലഭ്യമാക്കേണ്ടതുമാണ്.

ലേബർ കമ്മീഷണർക്കുവേണ്ടി

വെബ്സൈറ്റ് മുഖാന്തിരം
പകർപ്പ്:-

1. പിഎ റ്റു ലേബർ കമ്മീഷണർ
2. അഡീഷണൽ ലേബർ കമ്മീഷണർ (ഇ),(ഐ.ആർ), (ഡബ്ല്യൂ)
3. ജോയിന്റ് ലേബർ കമ്മീഷണർ (പ്ലാനിംഗ്)
4. എല്ലാ റിജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർക്കും
5. ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് , കോട്ടയം
6. എല്ലാ ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർക്കും
7. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
8. ഫിനാൻസ് ഓഫീസർ
9. ലോ ഓഫീസർ
10. പബ്ലിസിറ്റി ഓഫീസർ
11. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
12. ജില്ലാ ലേബർ ഓഫീസർ (ആസ്ഥാനം)
13. അസിസ്റ്റന്റ് ലേബർ ഓഫീസർ (ആസ്ഥാനം)
14. ഫയൽ/സ്റ്റോക്ക് ഫയൽ